# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം :6181 — 31-10-2011-ൽ മറുപടിക്ക്

## ഊർജ്ജ ദുർവ്യയം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. എ.എം. ആരിഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതികളും പരിപാടികളും വിശദമാക്കാമോ; | (എ) ഊർജ്ജ ദുർവ്യയം ഒഴിവാക്കി ഊർജ്ജോപയോഗം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടുകൂടി എനർജി മാനേജ്മെന്റ് സെന്റർ നിരവധി പരിപാടികൾ നടത്തി വരുന്നു. സർക്കാർ കെട്ടിടങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 25 സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റിംഗ് നടത്തി.<br>എല്ലാ മേഖലകളിലെയും ഊർജ്ജ സംരക്ഷണ സാധ്യതകൾ കണ്ടെത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനു വേണ്ടി നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിലുമായി ചേർന്ന് പഠനം നടത്തി. വ്യവസായങ്ങളിലെ പാഴായിപ്പോകുന്ന താപം പുനരുപയോഗിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി വ്യവസായങ്ങളെ കണ്ടെത്തുകയും 20 പ്രാഥമിക പഠന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു.<br>ഉദയഅസ്തമയ സമയക്രമം അനുസരിച്ച് തെരുവു വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനുള്ള സംവിധാനം വികസിപ്പിച്ചെടുക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നു.<br>പൊതുമേഖലാ വ്യവസായങ്ങളിൽ എനർജി ആഡിറ്റ് നടത്തി ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിന് പരീക്ഷണമെന്ന നിലയിൽ 2011-ൽ ആരംഭിച്ച എസ്കോ മോഡൽ പരിപാടി അവലോകനം ചെയ്യുകയുണ്ടായോ; ഏതെല്ലാം സ്ഥലങ്ങളിലായിരുന്നു ഇത് നടപ്പിലാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | എനർജി സർവ്വീസ് കമ്പനികൾ (ESCO) മുഖേന ഊർജ്ജ ഓഡിറ്റിംഗ് നടത്തി, റിപ്പോർട്ടുകൾ നടപ്പിലാക്കുന്ന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സഹായത്തോടു കൂടി എനർജി മാനേജ്മെന്റ് സെന്റർ 22 സർക്കാർ കെട്ടിടങ്ങളിൽ ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് എനർജി ഓഡിറ്റ് നടത്തിയത്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകൾ അതതു കെട്ടിട ഉടമകൾക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ടുകൾ എനർജി സർവ്വീസ് കമ്പനികളുടെ സഹായത്തോടു കൂടി നടപ്പിലാക്കുന്നതിന് കെട്ടിട ഉടമകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിലും ഇതുവരെ ആരും തന്നെ മുന്നോട്ടു വന്നിട്ടില്ല. |
| (സി) | സർക്കാർ ഓഫീസുകളിലേയും സ്ഥാപനങ്ങളിലേയും ഊർജ്ജ ദുർവ്യയം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളിലൂടെ സർക്കാർ ഓഫീസുകളിലെ വൈദ്യുതി ഉപയോഗം 10 ശതമാനം കുറക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു അപ്പെക്സ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നുണ്ട്. സർക്കാർ ഓഫീസുകളിലും, കെട്ടിടങ്ങളിലും ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും ഉപയോഗിക്കുന്നതിനുമായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. ഊർജ്ജ ദുർവ്യയം ഒഴിവാക്കാൻ വിപുലമായ ബോധവല്ക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ